21/02/2025

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: Suresh A R    Editor: Dr. Binu Harriet Ivan



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/02/2025

1. കേരളത്തിലെ അഗ്രിബിസിനസ്സ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയെ പിന്തുണയ്ക്കുന്നതിനുമുള്ള ഒരു സംസ്ഥാനതല സംരംഭം എന്ന നിലയിൽ 10000 എഫ്.പി.ഒ മേള കോഴിക്കോട് ജില്ലയിലെ കാലിക്കറ്റ് ട്രേഡ് സെൻ്ററിൽ സംഘടിപ്പിക്കുന്നു. ചെറുകിട കർഷകർ /കർഷക കൂട്ടായ്മകൾ. എഫ്.പി.ഒ-കൾ എന്നിവരുടെ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും ഉൾപ്പെടുത്തി 2025 ഫെബ്രുവരി 21 മുതൽ 23 വരെ മൂന്നു ദിവസങ്ങളിലായി ഒരുക്കിയിട്ടുള്ള എഫ്.പി.ഒ. പ്രദർശനം/മേളയുടെ ഔദ്യോഗിക ഉദ്ഘാടനം 21.02.2025 ന് രാവിലെ 10 മണിക്ക് കൃഷി വകുപ്പ് മന്ത്രി പി . പ്രസാദ് നിർവ്വഹിക്കുന്നു. കോഴിക്കോട് എം.പി എം.കെ.രാഘവൻ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ കേന്ദ്ര/കേരള സർക്കാർ പ്രതിനിധികളും മറ്റ് വിശിഷ്ട വ്യക്തികളും പങ്കെടുക്കുന്നു. 10.000 എ.ഫ്.പി.ഒ സ്കീമിന് കീഴിൽ സ്ഥാപിതമായ എ.ഫ്.പി.ഒകളുടെ സുസ്ഥിരതയും ദീർഘകാല പ്രവർത്തനക്ഷമതയും ഉറപ്പാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഈ മേള. കർഷകർ. അഗ്രി ബിസിനസ് വിദഗ്ധർ, കർഷക സംഘങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ എന്നിവരുടെ ഒത്തു ചേരലിനുള്ള ഒരു വേദി ഒരുക്കുന്നതിന് ഈ മേളയിലൂടെ സാധ്യമാകുന്നു. കൂടാതെ സുസ്ഥിര കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ബന്ധം മെച്ചപ്പെടുത്തുന്നതിനും ചെറുകിട കർഷകർ, കർഷകഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (എഫ്.പി.സി) അഗ്രി ബിസിനസ്സ് പ്ലെയേഴ്സ് (എ).ബി.പി) എന്നിവർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന KERA പദ്ധതിയിലെ ഉൽപാദന സഖ്യ സംരംഭം (Productive Alliance Initiative) ഈ മേളയിലൂടെ പരിചയപ്പെടുത്തുന്നു.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും പോഷക സമൃദ്ധി മിഷനും സംയുക്തമായി സംസ്ഥാനതല പരമ്പരാഗത വിത്ത് ഉത്സവം 2025 ഫെബ്രുവരി 22, 23, 24 തീയതികളിൽ ആലപ്പുഴ കഞ്ഞിക്കുഴി പി.പി.സ്വാതന്ത്ര്യം സ്മാരക കമ്മ്യൂണിറ്റി ഹാളിൽ വച്ച് സംഘടിപ്പിക്കുന്നു. കൃഷിമുറ്റം കാർഷിക മൊബൈൽ ഫോട്ടോഗ്രഫി മൽസരം 2025 ഫെബ്രുവരി 19 മുതൽ 21 വരെ 9400178590 എന്ന നമ്പരിൽ അയക്കുക. കൂടുതൽ വിവരങ്ങൾക്ക് 9072712901 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. സംസ്ഥാനതല പരമ്പരാഗത വിത്തുത്സവത്തോടനുബന്ധിച്ച് സാംസ്കാരിക ഘോഷയാത്ര, പരമ്പരാഗത വിത്തിനങ്ങളുടെ പ്രദർശന കൈമാറ്റ മേള, കർഷക സെമിനാറുകൾ, അനുഭവം പങ്കുവയ്ക്കൽ, കലാപരിപാടികൾ, പരമ്പരാഗത ഭക്ഷ്യമേള എന്നിവ ഉണ്ടായിരിക്കുന്നതാണ്.

3. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൃശൂർ ജില്ലയിൽ അംശദായം സ്വീകരിക്കാൻ മാർച്ച് 6 മുതൽ 29 വരെ സിറ്റിങ് നടത്തും. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനും നിലവിലുള്ള അംഗങ്ങളുടെ അംശദായം സ്വീകരിക്കുന്നതിനും വേണ്ടി ജില്ലാഓഫിസിൽനിന്ന് സിറ്റിങ് നടത്തും. അംശദായം അടയ്ക്കാനെത്തുന്നവർ ആധാർ, ബാങ്ക്പാസ്സ്ബുക്ക് എന്നിവ കരുതണം. പുതിയ അംഗത്വം ആവശ്യമുള്ളവർ ജില്ലാ ഓഫിസുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകളുമായി എത്തണം. വിശദ വിവരത്തിന് ഫോൺ 0481 2585604.

4. ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രതിദിനം കുറഞ്ഞത് ഏഴ് ലിറ്റർ പാൽ ഉൽപ്പാദന ശേഷിയുള്ള രണ്ട് മുതൽ 10 വയസ്സു വരെ പ്രായമുള്ള പശുക്കളെയും എരുമകളെയും ഗർഭാവസ്ഥയുടെ അവസാന മൂന്ന് മാസത്തിലുള്ള പശുക്കളെയും ഏഴ് മാസത്തിൽ കൂടുതൽ ഗർഭാവസ്ഥയിലുള്ള കറവ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വറ്റിയ ഉരുക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്താം. 65,000 രൂപ വരെ മതിപ്പ് വിലയുള്ള ഉരുവിന് ഒരു വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 1,356 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 774 രൂപയുമാണ് വിഹിതം. മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 3,319 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 1,892 രൂപയുമാണ് വിഹിതം. ഉടമകൾക്ക് അപകട മരണ ഇൻഷുറൻസ് പരിരക്ഷക്കും അർഹതയുണ്ടാകും. പരമാവധി അഞ്ച് ലക്ഷം രൂപയാണ് വ്യക്തിഗത അപകട പരിരക്ഷ. കൂടുതൽ വിവരങ്ങൾക്ക് അതത് തദ്ദേശ സ്ഥാപനത്തിലെ വെറ്ററിനറി ആശുപത്രിയുമായി ബന്ധപ്പെടണം.

5. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി, പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സിൽ കാർപ്പ്, തിലാപ്പിയ തുടങ്ങിയയിനം മത്സ്യക്കുഞ്ഞുങ്ങളും അലങ്കാരമത്സ്യങ്ങളും ഫെബ്രുവരി 20ന് രാവിലെ 11 മുതൽ വൈകിട്ട് മൂന്ന് മണിവരെ വിതരണം ചെയ്യും. സർക്കാർ നിശ്ചയിച്ച നിരക്കിൽ വില ഈടാക്കും. ബുക്കിങ്ങിനും വിവരങ്ങൾക്കും ഫിഷറീസ് കോംപ്ലക്സുമായി ബന്ധപ്പെടാം ഫോൺ. 9562670128, 0468-2214589.

6. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽ നിന്ന് കപ്പ് തൈകൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽനിന്നും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ ആലക്കോട് കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽനിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർഐഐ 105, ആർആർഐഐ 430, ആർആർഐഐ 414 എന്നിവയുടെ കപ്പുതൈകളാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. മുക്കട സെൻട്രൽ നഴ്സറിയിൽ നിന്നും മേൽ ഇനങ്ങളുടെ ബഡ്ഡുവുഡ്ഡും ലഭ്യമാണ്. മുക്കട സെൻട്രൽ നഴ്സറി, ഉളിക്കൽ നഴ്സറി എന്നിവിടങ്ങളിൽ ക്രൗൺ ബഡ്ഡിങിന് ഉപയോഗിക്കുന്ന എഫ് എക്സ്. 516 എന്ന ഇനത്തിന്റെ ബഡ്ഡുവുഡ്ഡ് പരിമിതമായ തോതിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭ്യമാണ്. തൈകൾ ആവശ്യമുള്ള കർഷകർ അടുത്തുള്ള റീജിയണൽ ഓഫീസിലോ നഴ്സറിയിലോ തന്നാണ്ടിലെ കരം അടച്ച രസീതിന്റെ കോപ്പി സഹിതം അപേക്ഷ നൽകണം. അപേക്ഷാഫോറം റബ്ബർബോർഡിന്റെ ഓഫീസുകളിൽ ലഭ്യമാണ്. www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ കോൾസെന്ററുമായോ (0481-2576622), മുക്കട സെൻട്രൽ നഴ്സറിയുമായോ (6282935868) ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 24.02.2025 ന് നെൽകൃഷി എന്ന വിഷയത്തിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു . പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **"വേനൽക്കാല പരിചരണം കന്നുകാലികൾക്ക്"** എന്ന വിഷയത്തിൽ ഇന്ന് (2025 ഫെബ്രുവരി 21 നു) ഏകദിന സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കന്നുകാലികളിലെ വേനൽചൂട് സമ്മർദ്ദം എങ്ങനെ ഒഴിവാക്കാം. പ്രജനനം, പ്രത്യുത്പാദനം, പാലുത്പാദനം എന്നിവ എങ്ങനെ മെച്ചപ്പെടുത്താം, വേനല്ച്ചൂടിനെ ചെറുക്കാൻ പാർപ്പിട നിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചു വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നു. പ്രസ്തുത സൗജന്യ പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ **0487-2370773, 8547070773** ഫോൺ നമ്പറിൽ ബന്ധപ്പെടുക.